(സി) ഇല്ലാത്ത പക്ഷം ഈ ദേവസ്വം ബോർഡുകൾക്കും ഗുരുവായൂർ ദേവസ്വത്തിനും ഹിന്ദുമത ധർമ്മസ്ഥാപനങ്ങൾക്കും അവ നിക്ഷേപിച്ചിട്ടുള്ള തുക എപ്പോൾ വേണമെങ്കിലും പിൻവലിക്കുന്നതിന് സാദ്ധ്യമാണോ ?

ഉത്തരം

(എ) തിരുവിതാംകൂർ, കൊച്ചി ദേവസ്വം ബോർഡുകൾ ഖജനാവിൽ തുക നിക്ഷേപിച്ചിട്ടില്ല. ഗുരുവായൂർ ദേവസ്വത്തെ സംബന്ധിച്ചിടത്തോളം സർക്കാറിൽ നിന്ന് ആനിറ്റി-ആയി ലഭിക്കുന്ന 6'/2 ലക്ഷം രൂപ മാത്രമാണ് ട്രഷറിയിൽ ഉള്ളത്. ഇത് ആവശ്യാനുസരണം പിൻവലിക്കുന്നുമുണ്ട് എന്ന് ദേവസ്വം അറിയിച്ചിട്ടുണ്ട്. ഹിന്ദുമത ധർമ്മ സ്ഥാപന(ഭരണ) വകുപ്പിന്റെ കീഴിലുള്ള മലബാറിലെ ക്ഷേത്രങ്ങൾക്ക് സർക്കാറിൽ നിന്ന് ലഭിക്കുന്ന ആനിറ്റി തുക പല ട്രഷറികളിലെ ടി.പി. അക്കൗണ്ടുകളിൽ ഉണ്ട്. ഇതിന്റെ വിവരങ്ങൾ അതാത് ക്ഷേത്രങ്ങളിൽ മാത്രമാണ് ലഭ്യമായിട്ടുള്ളത്.

(ബി) ടി. പി. അക്കൗണ്ടിൽ നിന്ന് തുക പിൻവലിക്കുന്നതിന് ട്രഷറി നിയന്ത്രണം ഉള്ളപ്പോൾ മാത്രമേ പ്രയാസം നേരിടുന്നുള്ളു.

(സി) ദേവസ്വം ബോർഡുകളുടേയും ഗുരുവായൂർ ദേവസ്വത്തിന്റേയും കോടിക്കണക്കിന് രൂപ വരുന്ന നിക്ഷേപങ്ങൾ ബാങ്കുകളിലാണ് ഉള്ളത്. ചില ക്ഷേത്രങ്ങൾക്ക് സർക്കാറിൽ നിന്ന് ലഭിക്കുന്ന ആനിറ്റിയുടെ ചെറിയ തുകകൾ മാത്രമാണ് ട്രഷറിയിൽ ഉള്ളത്. ഇത് പിൻവലിക്കാൻ ട്രഷറി നിയന്ത്രണം ഉള്ളപ്പോൾ മാത്രം ചില പ്രയാസ്സങ്ങൾ നേരിടേണ്ടിവരുന്നുണ്ട്.

സ്വകാര്യക്ഷേത്രങ്ങളുടെ ഫണ്ട് ഖജനാവിൽ അടയ്ക്കണമെന്ന നിർദ്ദേശം

44 (1601) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് ഏതെല്ലാം സ്വകാര്യ ക്ഷേത്ര ഭരണസമിതികളോട് ആ ക്ഷേത്രങ്ങളുടെ ഫണ്ട് ഗവൺമെന്റ് ഖജനാവിൽ നിക്ഷേപിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട് ;

(ബി) അതനുസരിച്ച് ഏതെല്ലാം ക്ഷേത്രഭരണ സമിതികൾ ക്ഷേത്ര ഫണ്ട് ഗവൺമെന്റ് ഖജനാവിൽ നിക്ഷേപിച്ചിട്ടുണ്ട് ;

(സി) ഓരോ ക്ഷേത്രവും എന്തു തുക വീതമാണ് ഇപ്രകാരം നിക്ഷേപിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ക്ഷേത്രങ്ങളുടെ ഫണ്ട് ഖജനാവിൽ അടയ്ക്കാൻ ആവശ്യപ്പെട്ടിട്ടില്ല.

(ബി & സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly